LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ

281 (2519) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ വികസന വകുപ്പിൽ പുതിയതായി പ്രഖ്യാപിച്ച പദ്ധതികൾ എന്തെല്ലാം; ഇതിൽ നടപ്പിലാക്കിയ പദ്ധതികളും അവയുടെ വിശദവിവരങ്ങളും നൽകുമോ; കൂടാതെ, ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ കഴിയാതെ പോയത്, വിശദവിവരം നൽകുമോ ;

(ബി) ഗോത്രസാരഥി പദ്ധതി നിലവിൽ എവിടെയെങ്കിലും നിർത്തലാക്കിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ, വിശദവിവരം നൽകുമോ ;

(സി) ആറളത്തെ കുട്ടികൾക്കു പഠനത്തിനായി സ്കൂളിൽ പോകുന്നതിനുള്ള യാത്രാസൗകര്യം മുടങ്ങിയതായുള്ള മാദ്ധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ, എന്തുകൊണ്ട് പ്രസ്തുത യാത്രാസൗകര്യം മുടങ്ങി ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) പ്രഖ്യാപിച്ച പദ്ധതികൾ സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഗോത്രസാരഥി പദ്ധതി നിലവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തൊട്ടാകെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ നടപ്പാക്കി വരുന്നുണ്ട്.

(സി) ഇല്ല.

മലപ്പുറം ജില്ലയിൽ പട്ടികവർഗ്ഗ വകുപ്പിൽ നിന്നും ചികിത്സാനുകൂല്യം

282 (2520) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്ക് പ്രസ്തുത വകുപ്പിൽ നിന്നും 2014 ഏപ്രിൽ ഒന്നു മുതൽ എത്രപേർക്ക് ചികിത്സാ ആനുകൂല്യം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഇതിൽ മന്ത്രിമാരുടെയും എം.എൽ.എ.-മാരുടെയും ശിപാർശക്കത്തോടെയുള്ള അപേക്ഷകൾ എത്രയുണ്ടെന്നും ആരുടെയൊക്കെയെന്നും അറിയിച്ച് അനുവദിച്ചവരുടെ പേരുവിവരവും അനുവദിച്ച തുകയും വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 2014 ഏപ്രിൽ 1 മുതൽ നവംബർ 30 വരെ 1736 പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) അപേക്ഷകൾ പരിശോധിച്ച് അർഹമായ ആനുകൂല്യങ്ങൾ നൽകിക്കൊണ്ടിരിക്കുകയാണ്.

എസ്.ടി. പ്രൊമോട്ടർമാർ

283 (2521) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര എസ്.ടി. പ്രൊമോട്ടർമാർ ജോലി ചെയ്യുന്നുവെന്ന് ജില്ല തിരിച്ച വ്യക്തമാക്കുമോ ;

(ബി) എസ്.ടി. പ്രൊമോട്ടർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള യോഗ്യതയും മാനദണ്ഡങ്ങളും എന്തെല്ലാമാണ് ; ഇതൊരു സ്ഥിരം തസ്തികയാണോ; വ്യക്തമാക്കുമോ ;

(സി) എസ്.ടി. പ്രൊമോട്ടർമാർക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള ജോലി എന്താണ് ഇവർക്കു നിശ്ചയിച്ചിട്ടുള്ള വേതനം എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) പല എസ്.ടി. പ്രൊമോട്ടർമാരും കൃത്യമായ വിവരശേഖരണം നടത്തി വകുപ്പിനെ അറിയിക്കാത്തതുമൂലം ആദിവാസി സമൂഹങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ 1168 എസ്.ടി. പ്രൊമോട്ടർമാർ ജോലി ചെയ്യുന്നു. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.

(ബി) എസ്.ടി. പ്രൊമോട്ടർമാരുടെ മിനിമം വിദ്യാഭ്യാസ യോഗ്യത 8-ാം ക്ലാസ്സും പ്രായപരിധി 25-നും 50-നും മദ്ധ്യേയുമായിരിക്കണം. കൂടാതെ ഹെൽത്ത് പ്രൊമോട്ടർമാരായി നിയമനം ലഭിക്കണമെങ്കിൽ നേഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ പഠിച്ചവർക്കും ആയുർവേദം/പാരമ്പര്യവൈദ്യം എന്നിവയിൽ പ്രാവീണ്യം നേടിയവരുമായിരിക്കണം. മാനദണ്ഡം അനുബന്ധമായി ചേർക്കുന്നു.* ഇതൊരു സ്ഥിരം തസ്തികയല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly